# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3625 — 12.12.2014 ൽ മറുപടിയ്ക്ക്

### വികലാംഗർക്ക് അർഹതപ്പെട്ട ആനുകൂല്യം

ചോദ്യം
ശ്രീ.വി.ചെന്താമരാക്ഷൻ

മറുപടി
ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)വികലാംഗർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് ബന്ധപ്പെട്ട മെഡിക്കൽബോർഡ് നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റിനും തിരിച്ചറിയൽ കാർഡിനും പുറമെ മറ്റ് രേഖകൾ ഇല്ലാത്ത കാരണം പറഞ്ഞ് ആനുകൂല്യങ്ങൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) വികലാംഗർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ രേഖകൾ ഏതൊക്കെയാണ്; ഇത് സംബന്ധിച്ച എന്തെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | (ബി) വൈകല്യം സംബന്ധിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ്, ടി മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകുന്ന തിരിച്ചറിയൽ കാർഡ് എന്നിവയാണ് വികലാംഗർക്ക് അർഹതപ്പെട്ട ആനുകൂല്യം ലഭിക്കുന്നതിനുള്ള രേഖകൾ. ഇത് സംബന്ധിച്ച 30.11.2010 ലെ ജി.ഒ(പി)86/2010/എസ്.ജെ.ഡി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) എന്നാൽ ടി ഉത്തരവ് അംഗപരിമിതരായ കുട്ടികൾ ഉൾപ്പെടെയുള്ള വർക്ക് യാത്രാ സൌജന്യം അനുവദിക്കുന്ന കാര്യത്തിൽ കെ.എസ്.ആർ.ടി സി യും മറ്റ് പല വിഷയങ്ങളിൽ ചില സ്ഥാപനങ്ങളും പാലിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അംഗപരിമിതരായവർക്കും അവരുടെ രക്ഷിതാക്കൾക്കും ഇത് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു എന്ന് മനസ്സിലാക്കി ടി ഉത്തരവ് എല്ലാ സ്ഥാപനങ്ങളിലും കർശനമായി നടപ്പിലാക്കേണ്ടതും ഇതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും 8.8.2014 ലെ 3670/ഡി2/14/സാ.നീ.വ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

<u>സംഗ്രഹം</u>

സാമൂഹ്യക്ഷേമവകുപ്പ് - ഡിസബിലിറ്റി സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും ആനുകൂല്യങ്ങൾക്ക് പൊതു ആധികാരിക രേഖയായി അംഗീകരിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ(എ) വകുപ്പ്

സ.ഉ. (പി) നം. 86/2010/സാ.ക്ഷേ.വ. തിരുവനന്തപുരം, തീയതി 30.11.2010.

---

പരാമർശം:-1. 19.06.2000 -ലെ സ.ഉ.(പി)13/2000/സാക്ഷേവ.
2. 06.12.2003 ലെ സ.ഉ.(പി)71/03/സാക്ഷേവ.
3. 31.03.10 -ലെ 3322/എ2/10/സാക്ഷേവ നമ്പരായുള്ള ചീഫ് സെക്രട്ടറിയുടെ നോട്ട്.

<u>ഉത്തരവ്</u>

സൂചന മൂന്ന് പ്രകാരം എല്ലാ വകുപ്പുകൾക്കും, സാമൂഹ്യക്ഷേമ വകുപ്പ് സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി വികലാംഗർക്ക് നല്കി വരുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്/ഐഡന്റിറ്റി കാർഡുകൾ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ എല്ലാ ആനുകൂല്യങ്ങൾക്കുമുള്ള ആധികാരികരേഖയായി കണക്കാക്കേണ്ടതാണെന്ന് നിർദ്ദേശം നല്കിയെങ്കിലും പല വകുപ്പുകളും ഈ വസ്തുത മനസ്സിലാക്കാതെ വൈകല്യമുള്ളവരെ പുതിയ സർട്ടിഫിക്കറ്റിനായി നിർബന്ധിക്കുന്നതായി എക്സിക്യൂട്ടീവ് ഡയറക്ടർ, സോഷ്യൽ സെക്യൂരിറ്റി മിഷൻ അറിയിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ PWD ആക്ടിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച സൂചന ഒന്നിലെ ഉത്തരവ് പ്രകാരം നല്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ആനുകൂല്യങ്ങൾക്കായി പരിഗണിക്കുമ്പോൾ അപേക്ഷയോടൊപ്പം പുതിയ സർട്ടിഫിക്കറ്റുകൾ വേണമെന്ന വിവിധ വകുപ്പുകളുടെ ആവശ്യം നിലവിലുള്ള Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act 1995 ആക്ടിന് വിരുദ്ധമാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പേഴ്സൺസ് വിത്ത് ഡിസബിലിറ്റീസ് ഈക്വൽ ഓപ്പർച്ചുനിറ്റീസ്, പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ് ആന്റ് ഫുൾ പാർട്ടിസിപ്പേഷൻ കേരള റൂൾസ് 2000 -ലെ ചട്ടങ്ങൾ അനുസരിച്ച് വിഭിന്നശേഷിയുള്ളവർക്ക് സാമൂഹ്യക്ഷേമ വകുപ്പ് മെഡിക്കൽ ബോർഡ് നടത്തുന്ന പരിശോധനയുടെ അടിസ്ഥാനത്തിൽ നല്കുന്ന ഡിസബിലിറ്റി സർട്ടിഫിക്കറ്റും, തിരിച്ചറിയൽ കാർഡും കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ

സ്ഥാപനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്ന തിനുള്ള സംസ്ഥാന സർക്കാരിന്റെ പൊതു ആധികാരിക രേഖയായി മേല്പറഞ്ഞ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്നും വിവിധ വകുപ്പുകൾ നൽകുന്ന ആനുകൂല്യങ്ങൾ അനുവദിക്കു ന്നതിന് വികലാംഗത്വം തെളിയിക്കുന്നതിന് മറ്റ് സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് വികലാംഗർക്ക് ബുദ്ധിമുട്ടുണ്ടാകുന്നതിനാൽ ഒഴിവാക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ബി.എസ്. മാവോജി,
സെക്രട്ടറി.

ഡയറക്ടർ, സാമൂഹ്യക്ഷേമ വകുപ്പ് , തിരുവനന്തപുരം
എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും,
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതു ഭരണ (എസ്.സി) വകുപ്പ്.
ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിസ്റ്റ്.
കരുതൽ ഫയൽ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

744/2014/

ഭരണ ഭാഷ-മാതൃഭാഷ

# GOVERNMENT OF KERALA

നം. 3670/ഡി2/14/സാമൂ.നീതി.വ

സാമൂഹ്യനീതി (ഡി) വകുപ്പ്
തിരുവനന്തപുരം
തീയതി 8.8.2014

## സർക്കുലർ

വിഷയം - സാ.നീതി വകുപ്പ് -അംഗപരിമിതർക്കുള്ള തിരിച്ചറിയൽ കാർഡ്-സർക്കാർ ആനുകൂല്യങ്ങൾക്കുള്ള ആധികാരിക രേഖയായി അംഗീകരിക്കുന്നത് സംബന്ധിച്ച്.

സൂചന- 30.11.2010 തീയതിയിലെ സ.ഉ(പി)86/2010/സാ.ക്ഷേ.വ നമ്പർ ഉത്തരവ്.

സാമൂഹ്യനീതി വകുപ്പ് സംസ്ഥാന ആരോഗ്യ വകുപ്പുമായി സഹകരിച്ച് നടത്തുന്ന മെഡിക്കൽ ബോർഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ അംഗപരിമിതർക്ക് നൽകുന്ന ഡിസെബിലിറ്റി സർട്ടിഫിക്കറ്റും, തിരിച്ചറിയൽ കാർഡും കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്വയം ഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പൊതു ആധികാരിക രേഖയായി മേൽപറഞ്ഞ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്നും വിവിധ വകുപ്പുകൾ നൽകുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും, വികലാംഗത്വം തെളിയിക്കുന്നതിനും മറ്റ് സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് വികലാംഗർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ ഒഴിവാക്കേണ്ടതാണെന്നും സൂചന പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

2. എന്നാൽ മേൽ ഉത്തരവ് അംഗപരിമിതരായ കുട്ടികൾ ഉൾപ്പെടെയുള്ളവർക്ക് യാത്രാസൗജന്യം അനുവദിക്കുന്ന കാര്യത്തിൽ കെ.എസ്.ആർ.ടി.സി യും മറ്റ് പല വിഷയങ്ങളിൽ ചില സ്ഥാപനങ്ങളും പാലിക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗപരിമിതരായവർക്കും അവരുടെ രക്ഷിതാക്കൾക്കും ഇത് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. ആയതിനാൽ സൂചനയിലെ ഉത്തരവ് എല്ലാ സ്ഥാപനങ്ങളിലും കർശനമായി നടപ്പിലാക്കേണ്ടതും ഇതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

3. ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/എം.ഡി മാർ/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ എന്നിവർ ഇക്കാര്യത്തിൽ ആവശ്യമായ സത്വര നടപടികൾ സ്വീകരിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

A1

**ഡോ.കെ.എം.എബ്രഹാം**
**അഡീഷണൽ ചീഫ് സെക്രട്ടറി**

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറി/സെക്രട്ടറി എന്നിവർക്ക്
സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
എല്ലാ വകുപ്പ്/പൊതുമേഖല/,സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവി/ എം.ഡി/സി.ഇ.ഒ മാർക്ക്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ